ഈ മഹത്തായ ഉദ്യമത്തിൽ
നിങ്ങൾക്കും കൈകോർക്കാം

## ACCOUNT DETAILS

**Kondotty Service Co-operative Bank**
**Kondotty**

**A/c No : 0020050012772**

**IFSC : ICIC0000103**

G Pay

**: 9846136800**
(Mohammed Basheer KK)

**: 9895349256**
(Ilyas Koniyakath)

## Office Bearers

President: Naser Poopayil
9946994400

Secretary : Ilyas Koniyakath
9895349256

Treasurer: Mohammed Basheer. KK
(Haima), 9846136800

Vice President: Muhammedali Pulasseri
(Kunhu) 9539086444

Joint Secretary: K.P. Asharaf (Bavu)
9995905502

Yasir Kodassery (Kunhu)
9447403838

Hassan Kommeri
9539007288

## Palliative Care Medical Equipments



തണലേകാം.......
കൈകോർക്കാം.......

# Melangadi Cultural Centre (MCC)

## Charitable Trust

**Reg No: 51/IV/2022**

Melangadi. PO, Kondotty
Malappuram Dt, Kerala-673638
Mob: 9188024746
E-mail: mccmelangadi@gmail.com

السلام عليكم

സഹോദരങ്ങളെ,

മേലങ്ങാടിയിൽ ഒരു കൂട്ടം മനുഷ്യ സ്നേഹിക ളായ സുമനസ്സുകൾ ഒത്തൊരുമിച്ച് **മേലങ്ങാടി കൾച്ചറൽ സെൻറർ** എന്ന ഒരു കൂട്ടായ്മ ഉണ്ടാ ക്കിയത് നിങ്ങൾ ഏവരും ഇതിനകം അറിഞ്ഞിരി ക്കുമല്ലോ.

നിരാലംബരായവരെയും രോഗം കൊണ്ടും മറ്റു ജീവിത പ്രയാസങ്ങൾ കൊണ്ടും മറുകരയെ ത്താതെ നെടുവീർപ്പിടുന്നവരെയും സ്നേഹ ത്തിന്റെ കരങ്ങൾ കൊണ്ട് ചേർത്തുപിടിക്കുക എന്നതാണ് ഈ കൂട്ടായ്മയുടെ ഉദ്ദേശം.

കുടുംബം പോറ്റാൻ കഴിയാതെ തളർന്ന രോഗികൾ, വീൽചെയറിൽ ജീവിതം തള്ളി നീക്കുന്നവർ, ജീവശ്വാസം വലിക്കുവാൻ യന്ത്രത്തിന്റെ സഹായം ആവശ്യമുള്ളവർ, നിവർന്ന് നിൽക്കാനോ കിടക്കാനോ പ്രയാസ പ്പെടുന്നവർ, ഭക്ഷണത്തിനും മരുന്നിനും വകയി ല്ലാത്തവർ, ഇങ്ങനെ കാലങ്ങളായി സമൂഹ ത്തിൻറെ അവഗണന മാത്രം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവർ സമൂഹത്തിൻറെ മുഖ്യധാരയിൽ നിന്നും ഒറ്റപ്പെട്ടു കഴിയേണ്ടവരല്ല എന്നുള്ള കാഴ് ചപ്പാടാണ് എം.സി.സിയുടെ പിറവിയുടെ ആധാരം.

തുടക്കം എന്ന നിലയിൽ ഇതിനോടകം തന്നെ പലിശരഹിത വായ്പ സൗകര്യം നടപ്പിലാക്കി കഴിഞ്ഞു. തുടർ പരിപാടിയായി രോഗികളെ സൗജന്യമായി സഹായിക്കു ന്നതിനായി എംസിസിയുടെ കീഴിൽ മെഡിക്കൽ ഉപകരണങ്ങളുടെ ശേഖരണവും വിതരണവും ആരംഭിക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഏതാനും സന്മന സ്സുകൾ ഇതിലേക്ക് ആയി ചില വാഗ്ദാനങ്ങൾ നൽകി കഴിഞ്ഞു. നിങ്ങളും നിങ്ങളുടെ അധ്വാന ത്തിന്റെ ഒരു ചെറിയ പങ്ക് നൽകിക്കൊണ്ട് നിരാ ലംബരായ സാധുക്കളെ സഹായിക്കുവാൻ ദൈവ പ്രീതി കാംക്ഷിച്ച് കൊണ്ട് ഈ സംരംഭ ത്തിൽ കണ്ണി ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ സാമ്പത്തിക ശാരീരിക മാനവിക ബൗദ്ധിക പിന്തുണ പ്രതീക്ഷിച്ചുകൊണ്ട് .....

പ്രസിഡണ്ട് / സെക്രട്ടറി

## ഉദ്ദേശ്യ ലക്ഷ്യങ്ങൾ:

- ◆ നിർധനരും നിരാലംബരുമായവരെ ഭക്ഷണം, വസ്ത്രം, വീട് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി സഹായിക്കുക
- ◆ കിടപ്പിലായ രോഗികൾക്ക് ഉപകരണ സാമഗ്രികൾ സംഘടിപ്പിച്ച് (Pain & Palliative) നൽകുന്നതോടൊപ്പം തന്നെ ആരോഗ്യ ബോധവൽക്കരണം, കൗൺസലിംഗ്, മെഡിക്കൽ എയിഡ് സെൻറർ എന്നിവ ആരംഭിക്കുക
- ◆ അത്യാവശ്യ കാര്യങ്ങൾക്ക് അടിയന്തിര സാഹചര്യത്തിൽ പലിശ രഹിത വായ്പാ സൗകര്യം ഒരുക്കുക
- ◆ അനാഥകളേയും അഗതികളേയും വിദ്യാഭ്യാസ / താമസ സൗകര്യമൊരുക്കി സംരക്ഷിക്കുക
- ◆ വിധവകൾക്കും വിവാഹ മോചിതരായവർക്കും സ്വയം തൊഴിൽ പരിശീലനം നൽകുക
- ◆ ഇവരിൽ നിത്യവൃത്തിക്ക് വകയില്ലാത്തവർക്ക് ജീവിത സാഹചര്യവും സന്ദർഭവും അനുസരിച്ച് സാമ്പത്തിക സഹായം നൽകുക.
- ◆ അധാർമിക പ്രവർത്തനങ്ങളിൽ നിന്നും ലഹരിയിൽ നിന്നും യുവ സമൂഹത്തെ തടയാനുതകും വിധം ബോധവൽക്കരണം നടത്തുക.
- ◆ നമ്മുടെ വീടുകളിൽ ഉപയോഗിക്കാതെ കിടക്കുന്നതും എന്നാൽ ഉപയോഗശൂന്യമല്ലാത്തതുമായ വസ്തുക്കൾ (വസ്ത്രങ്ങൾ, മരുന്ന്) ശേഖരിക്കുകയും ആവശ്യക്കാർക്ക് എത്തിച്ചു കൊടുക്കുകയും ചെയ്യുക
- ◆ മത ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് കൊണ്ട് ആത്മീയ ബോധനവും സംസ്ക്കരണവും നൽകുക.

തുടങ്ങി സാധ്യമായ ഇടപെടലിലൂടെ ജാതിമതഭേദമെന്യേ ധാർമിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മാനവികതയിൽ ഊന്നിയ പ്രവർത്തനങ്ങളാണ് നാം ലക്ഷ്യം വയ്ക്കുന്നത്.

## സേവനങ്ങൾ

- ➔ പലിശ രഹിത വായ്പ (MILeS-മൈൽസ്)
- ➔ സൗജന്യ ഉപയോഗത്തിനായി മെഡിക്കൽ ഉപകരണങ്ങൾ (MIDIPP -മിഡിപ്പ് )
- ➔ ബൈത്തു സകാത്ത്
- ➔ സൗജന്യ കൗൺസലിംഗ് (വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, രോഗികൾ ,ലഹരിക്ക് അടിമപ്പെട്ടവർ എന്നിവർക്ക്)
- ➔ സ്വയം തൊഴിൽ പരിശീലനം
- ➔ മെഡിക്കൽ എയ്ഡ് സെന്റർ